# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1825 17/12/2012 ൽ മറുപടിക്ക്

### റാങ്ക് ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കുവാൻ നടപടി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. പി.ഉബൈദുള്ള | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) എഴുത്തുപരീക്ഷകളും ഇന്റർവ്യൂകളും കഴിഞ്ഞ് ഒരു വർഷം പിന്നിട്ടിട്ടും പ്രസിദ്ധീകരിക്കാത്ത പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം റാങ്ക്ലിസ്റ്റുകളാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; | (ബി) വിശദവിവരം ശേഖരിച്ചു നല്കുന്നതാണ്. |
| (സി) കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടും റാങ്ക്ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) യും (ഡി)യും<br>കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് മുമ്പ് വിജ്ഞാപനം ചെയ്ത് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ എടുക്കുമായിരുന്ന സമയദൈർഘ്യം കമ്പ്യൂട്ടർവൽക്കരണത്തിന് ശേഷം വളരെയധികം കുറഞ്ഞിട്ടുണ്ട്. പി.എസ്.സി. പ്രതിവർഷം ശരാശരി എണ്ണൂറോളം (800) വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. എന്നാൽ ഒരു വർഷത്തിൽ നടത്തുവാൻ കഴിയുന്ന പരീക്ഷകളുടെ എണ്ണം ശരാശരി 200 മാത്രമാണ്. പരീക്ഷാ നടത്തിപ്പിനായി ലഭ്യമാക്കുന്ന സ്കൂളുകളുടെ ദൗർലഭ്യമാണ് ഇതിനുള്ള പ്രധാന കാരണം. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അവധി ദിവസമായ ശനിയാഴ്ചകളിലും, ചെറിയ പരീക്ഷകൾ അതിരാവിലെയും നടത്തിയാണ് ഒരു വർഷത്തിൽ ഇത്രയെങ്കിലും പരീക്ഷകൾ നടത്തുവാൻ പി.എസ്.സി.യ്ക്ക് കഴിയുന്നത്. ഇതിനോടനുബന്ധിച്ച് പി.എസ്.സി. സർക്കാരിനോടാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും പി.എസ്.സി. പരീക്ഷാ കേന്ദ്രങ്ങളായി ആവശ്യപ്പെടുന്ന പക്ഷം അനുവദിക്കേണ്ടതാണ് എന്നും പരീക്ഷാ നടത്തിപ്പിന് പൂർണ്ണമായും സഹകരി |

ക്കണം എന്നും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. എങ്കിലും പൂർണ്ണമായ സഹകരണം സ്കൂളുകളുടെ ഭാഗത്തുനിന്നും ലഭിച്ചിട്ടില്ല. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി വിവിധ തസ്തികകളിലേക്ക് അപേക്ഷിക്കുന്ന അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യങ്ങളെല്ലാം നിലനിൽക്കുമ്പോഴുംലഭ്യമായ വിഭവശേഷിയുടെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനകം തന്നെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി. പരമാവധി ശ്രമിക്കുന്നുണ്ട്.

(ഡി) പ്രസ്തുത പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും റാങ്ക് ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

സെക്ഷൻ ഓഫീസർ